**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1772** **05-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് സേഫ്റ്റി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | **കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സ്റ്റേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനായി കോട്ടയം ജില്ലയിൽ നിന്ന് പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | കോട്ടയം ജില്ലയിൽ നിന്ന് പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ച പദ്ധതികൾ

### സംസ്ഥാനതലത്തിൽ :

1. മണ്ഡലകാല - മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ശബരിമലയിൽ റോഡ് സുരക്ഷാ ട്രാഫിക് നിയന്ത്രണത്തിനായുള്ള 'സേഫ് സോൺ' ശബരിമല പദ്ധതി.
2. കേരളത്തിലുടനീളമുള്ള സ്കൂൾ പരിസരപ്രദേശങ്ങളിൽ റോഡ് സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള 'സ്കൂൾ സോൺ ഇമ്പ്രൂവ്മെന്റ്' പദ്ധതി.
3. പോലീസ് വകുപ്പിന് ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ വാങ്ങൽ.
4. അടിയന്തിര അപകടരക്ഷാപ്രവർത്തനത്തിനായി ഡിഫൻഡർ ട്രോമ കിറ്റ് പദ്ധതി.
5. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയ്ക്ക് ലാപ് ടോപ്പ് വാങ്ങൽ.
6. മോട്ടോർ വാഹന വകുപ്പിന് സേഫ് കേരള പദ്ധതിക്കുള്ള ധനസഹായം.
7. ബ്ലാക്ക് സ്പോട്ടുകളുടെ പഠനം നടത്തിയതിന് നാറ്റ്പാക് -നുള്ള ധനസഹായം.
8. ചേർത്തല - മണ്ണുത്തി റോഡിൽ സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ മാറ്റി സ്ഥാപിക്കൽ.
9. റോഡ് സുരക്ഷ സംബന്ധിച്ച അദ്ധ്യാപകർക്കുള്ള കൈപുസ്തകം പരിഷ്കരണം.
10. സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ 'റോഡ് സുരക്ഷാ ബോധവത്കരണ സന്ദേശങ്ങൾ' പ്രക്ഷേപണം ചെയ്യുന്നതിനുള്ള പദ്ധതി.

### തിരുവനന്തപുരം ജില്ല:

തിരുവനന്തപുരം നഗരത്തിൽ ഓടുന്ന സിറ്റി സർക്കുലർ ബസ് റൂട്ടുകളിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങിയ സൈൻബോർഡുകൾ സ്ഥാപിക്കൽ.

### കോട്ടയം ജില്ല:

ഏറ്റുമാനൂർ -പൂഞ്ഞാർ റോഡിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ.

### കണ്ണൂർ ജില്ല:

- പാപ്പിനിശ്ശേരി - വളപ്പട്ടണം - റോഡ് സുരക്ഷാ ഫർണിച്ചറുകൾ സ്ഥാപിക്കൽ
- പിലാത്തറ - പാപ്പിനിശ്ശേരി റോഡിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ.

### കോഴിക്കോട് ജില്ല:

- മലാപ്പറമ്പിൽ ഫ്രി ലെഫ്റ്റ് റോഡിന്റെ നിർമ്മാണം.
- രാമനാട്ടുകരയിലെ ട്രാഫിക് സിഗ്നൽ നവീകരണം, കുന്നമംഗലം-മുക്കം എന്നിവിടങ്ങളിലെ ബ്ലിങ്കറുകൾ സ്ഥാപിക്കൽ.

സെക്ഷൻ ഓഫീസർ